പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3787      31. 01. 2014 ൽ മറുപടിക്ക്

ലാഭപ്രഭ പദ്ധതി

ചോദ്യം      ഉത്തരം

ശ്രീ. പി. കെ. ബഷീർ      ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി)

<table>
<tr><td>(എ)</td><td>സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി പ്രഖ്യാപിച്ച ലാഭപ്രഭ പദ്ധതിമൂലം ഉപഭോഗം എത്ര ശതമാനം വരെ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്;</td><td>(എ)</td><td>2013 മാർച്ച് 23 ന് ആരംഭിച്ച് മെയ് 31 ന് അവസാനിച്ച ലാഭപ്രഭ കാമ്പയിൻ പീരിയഡിൽ ആകെ 13,98,750 യൂണിറ്റിന്റെ കുറവ് രേഖപ്പെടുത്തി. 24 ഫീഡറുകൾ കേന്ദ്രീകരിച്ച് നടത്തിയ നോ-ലോഡ് ഷെഡ്ഡിംഗ് കാമ്പയിനിൽ പത്തു ഫീഡറുകളിൽ നിന്ന് മാത്രമായി 8.82 ലക്ഷം യൂണിറ്റിന്റെ ലാഭവും രേഖപ്പെടുത്തി. മൊത്തം ലാഭം: ഉദ്ദേശം 2280750 യൂണിറ്റ് ലാഭപ്രഭ പദ്ധതിയിൽ രജിസ്റ്റർ ചെയ്തവരിൽ 27,381 പേർ ഫെബ്രുവരി-മാർച്ച് മാസങ്ങളെ അപേക്ഷിച്ച് ഏപ്രിൽ-മെയ് മാസങ്ങളിൽ ഉപഭോഗത്തിൽ കുറവ് രേഖപ്പെടുത്തി.<br><table><tr><td>ഫെബ്രുവരി-മാർച്ച് മാസത്തെ ഉപഭോഗം</td><td>101864.37 യൂണിറ്റ്</td></tr><tr><td>ഏപ്രിൽ-മെയ് മാസത്തെ ഉപഭോഗം</td><td>81592.6 യൂണിറ്റ്</td></tr></table><br>അതായത് ലാഭപ്രഭ പദ്ധതിമൂലം ഉപഭോഗം 20 ശതമാനം വരെ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത പദ്ധതിയിന്മേൽ നാളിതുവരെയായി എത്ര ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്?</td><td>(ബി)</td><td>ലാഭപ്രഭ പദ്ധതിയിൽ ആകെ 1,39,101 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ